ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 24.10.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. 'ദാന' ചുഴലിക്കാറ്റ് ഇന്ന് രാത്രിയോടെ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഒഡിഷയിൽ കനത്ത ജാഗ്രത.
   **Cyclone 'Dana' will hit the coast by tonight, says Indian Meteorological Department . High alert in Odisha.**
2. ബഹിരാകാശ മേഖലയ്ക്കായി 1,000 കോടി രൂപയുടെ സംരംഭ മൂലധന ഫണ്ട് രൂപീകരിക്കുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ രണ്ട് റെയിൽ പദ്ധതികൾക്കും അനുമതി.
   **Union Cabinet has approved setting up of 1000 crore rupees Venture Capital Fund dedicated to the space sector. The Cabinet also approved two rail projects to facilitate ease of travel.**
3. യഥാർത്ഥ നിയന്ത്രണ രേഖയിലെ ഭിന്നതകൾ പരിഹരിക്കാൻ ചൈനയുമായി ഉന്നതതല ചർച്ചകൾ പുരോഗമിക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.
   **Defence Minister Rajnath Singh today said that India and China have been involved in talks at both diplomatic and military levels to resolve their differences along the LAC**
4. വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിന് ഇന്ത്യ കൂടുതൽ പണം ചെലവിടുന്നതായി യുനെസ്കോ റിപ്പോർട്ട്.
   **India's expenditure on education is higher says UNESCO's report**
5. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി മുന്നണികൾ. നാമനിർദ്ദേശ പത്രിക സമർപ്പണം നാളെ വരെ.
   **Major political parties have intensified their by-election campaign in Kerala. Submission of nomination ends tomorrow.**
6. ഇന്ത്യ- ന്യൂസിലൻഡ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ കിവീസിന് 228 റൺസ് വിജയലക്ഷ്യം.
   **NewZealand to chase the target of 228 runs in the first match of the India-New Zealand women's cricket ODI series.**

&&&&&&&&&&&&&&&&&&

## HEAD LINE - 1

## DAY ODISHA CYCLONE – DANA (INTRO)

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട 'ദാന' ചുഴലിക്കാറ്റ് ഇന്ന് രാത്രിയോടെ ഒഡീഷ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മണിക്കൂറിൽ 100 മുതൽ 120 കിലോമീറ്റർ വരെ വേഗത പ്രതീക്ഷിക്കുന്ന ചുഴലിക്കാറ്റ് നാളെ പുലർച്ചെയോടെ പൂർണമായും തീരത്ത് പ്രവേശിക്കും. ഒഡീഷയിലെ തെക്കൻ ജില്ലകളെയാണ് ദാന ഏറ്റവും കൂടുതൽ ബാധിക്കുകയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് ഡയറക്ടർ ജനറൽ മൃത്യുഞ്ജയ് മോഹപത്ര പറഞ്ഞു.

(വോയിസ്)

ചുഴലിക്കാറ്റിന്റെ പ്രഭാവത്താൽ തീരദേശജില്ലകളിൽ അതിശക്തമായ മഴയാണ് അനുഭവപ്പെടുന്നത്. ഒഡിഷ സർക്കാർ കനത്ത ജാഗ്രത പുലർത്തുന്നുണ്ട്. എൻഡിആർഎഫ്, അഗ്നിരക്ഷാ സേന എന്നിവരെ ഉൾപ്പെടെ പ്രദേശത്ത് വിന്യസിച്ചിട്ടുണ്ട്. ഭുവനേശ്വറിലെ ബിജു പട്നായിക് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് നാളെ രാവിലെ 9 വരെയുള്ള എല്ലാ വിമാന സർവീസുകളും റദ്ദാക്കി.

&&&&&&&&&&&&&&&&&&

## RAILWAYS-DANA

ദാന ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ റെയിൽ ഗതാഗതം പുനഃസ്ഥാപിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 9 വാർ റൂമുകൾ സജ്ജീകരിക്കാനൊരുങ്ങി ഇന്ത്യൻ റെയിൽവേ. കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

&&&&&&&&&&&&&&&&&&

## CCEA- RAIL PROJECTS

ഗതാഗത സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ചരക്കുനീക്ക ചെലവുകൾ കുറയ്ക്കുന്നതിനുമായി രണ്ട് റെയിൽ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭ സാമ്പത്തിക കാര്യ സമിതി അംഗീകാരം നൽകി. 6,798 കോടി രൂപയാണ് പദ്ധതിയുടെ ചെലവ് പ്രതീക്ഷിക്കുന്നത്. നർക്കതിയാഗഞ്ചിൽ നിന്ന് വിവിധയിടങ്ങളിലേക്കുള്ള റെയിൽ പാത ഇരട്ടിപ്പിക്കലാണ് ആദ്യ പദ്ധതി. എരുപാലത്തിനും നമ്പൂരിനുമിടയിൽ അമരാവതി വഴി 57 കിലോമീറ്റർ ദൂരത്തിൽ പുതിയ പാത നിർമിക്കാനും അനുമതി നൽകിയതായി കേന്ദ്രമന്ത്രി ആശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## HEAD LINE - 2

## CABINET- VENTURE CAPITAL (INTRO)

ബഹിരാകാശ മേഖലയ്ക്കായി 1000 കോടി രൂപയുടെ സംരംഭ മൂലധന ഫണ്ട് രൂപീകരിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. പ്രവർത്തനം ആരംഭിക്കുന്നതു മുതൽ അഞ്ച് വർഷം വരെയാണ് ഫണ്ടിൻ്റെ വിനിയോഗ കാലയളവ് . അവസരങ്ങളും ആവശ്യകതയും അനുസരിച്ച് പ്രതിവർഷം ശരാശരി 150 മുതൽ 250 കോടി രൂപ വരെ ചെലവഴിക്കാം . ഇന്ത്യയുടെ ബഹിരാകാശ മേഖലയുടെ പുരോഗതിക്കും സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഫണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്രമന്ത്രി ആശ്വിനി വൈഷ്ണവ് പറഞ്ഞു.

**(VOICE)**

&&&&&&&&&&&&&&&&&&&

## HEAD LINE - 4

## UNESCO– INDIA EDUCATION EXPENDITURE

ചൈന, ജപ്പാൻ ഉൾപ്പെടെയുള്ള രാജ്യങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിന് ഇന്ത്യ കൂടുതൽ പണം ചെലവിടുന്നതായി യുനെസ്കോ റിപ്പോർട്ട്. മറ്റ് മധ്യേഷ്യൻ, ദക്ഷിണേഷ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് മൊത്ത ആഭ്യന്തര ഉൽപ്പാദന ശതമാനത്തിന്റെയും സർക്കാർ ചെലവിന്റെയും കൂടുതൽ ഭാഗം വിദ്യാഭ്യാസത്തിനായാണ് ഇന്ത്യ നിക്ഷേപിക്കുന്നതെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു. രാജ്യങ്ങൾ ജിഡിപിയുടെ 4 മുതൽ 6 ശതമാനം വരെ വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കണമെന്ന യുഎൻ EDUCATION – 2030 FRAME WORK FOR ACTION –ന്റെ ശുപാർശയോട് ചേർന്ന് നിൽക്കുന്നതാണ് ഇന്ത്യയുടെ നയം.

&&&&&&&&&&&&&&&&&&

## HEAD LINE - 3

## RAJNATH INDIA CHINA

യഥാർത്ഥ നിയന്ത്രണ രേഖയിലെ പ്രദേശങ്ങൾ സംബന്ധിച്ച് നിലനിൽക്കുന്ന ഭിന്നതകൾ പരിഹരിക്കുന്നതിന് ഇന്ത്യ – ചൈന നയതന്ത്ര – സൈനിക തല ചർച്ചകൾ പുരോഗമിക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ചാണക്യ പ്രതിരോധ സംഭാഷണത്തിൻറെ രണ്ടാം പതിപ്പിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തുടർച്ചയായ ചർച്ചകളിലൂടെ എത്രയും വേഗം ഭിന്നതകൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## PRESIDENT CHHATTISGARH

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി നാളെ ഛത്തീസ്ഗഢിലെത്തും. നാളെ റായ്പൂർ എയിംസിൻ്റെ രണ്ടാം ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. റായ്പൂരിലെ എൻഐടിയുടെ 14-ാമത് സമ്മേളനത്തിലും രാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## GERMAN CHANCELLOR

ജർമൻ ചാൻസലർ ഒലാഫ് ഷോൾസ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഏഴാമത് ഇന്ത്യ-ജർമൻ സർക്കാർ തല ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയും ഒലാഫ് ഷോൾസും സംയുക്തമായി അധ്യക്ഷത വഹിക്കും. പതിനെട്ടാമത് ജർമൻ ബിസിനസ് ഏഷ്യാ-പസഫിക് സമ്മേളനത്തെയും ഇരുവരും അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## GADKARI-ROAD SAFETY (INTRO)

റോഡ് സുരക്ഷയ്ക്കായി നിർമിത ബുദ്ധി ഉൾപ്പെടെയുള്ള എല്ലാ ആധുനിക സാങ്കേതിക വിദ്യകളും സർക്കാർ നടപ്പാക്കി വരികയാണെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. ന്യൂഡൽഹിയിൽ 12-മത് ട്രാഫിക് ഇൻഫ്രാ ടെക് എക്സ്പോയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. റോഡ് നിർമ്മാണത്തിന് ആധുനിക സംവിധാനങ്ങൾ അവലംബിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ചും ശ്രീ നിതിൻ ഗഡ്കരി എടുത്തു പറഞ്ഞു.

**(voice)**

&&&&&&&&&&&&&&&&&&

## SITHARAMAN – US TOUR

ലോകബാങ്കിന്റെയും അന്താരാഷ്ട്ര നാണ്യ നിധിയുടെയും വാർഷിക യോഗത്തിൻറെ ഭാഗമായി നടന്ന ദുരന്ത നിവാരണ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച സമ്മേളനത്തിന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ അധ്യക്ഷത വഹിച്ചു. ആഗോള പരമാധികാര കടപ്പത്ര സമ്മേളനത്തിലും ശ്രീമതി സീതാരാമൻ പങ്കെടുത്തു. തന്ത്രപരവും സമാധാനപരവുമായ ബഹുമുഖ നയമാണ് ഇന്ത്യ പിന്തുടരുന്നതെന്നും സെന്റർ ഫോർ ഗ്ലോബൽ ഡെവലപ്മെന്റ് സംഘടിപ്പിച്ച ചർച്ചയിൽ ശ്രീമതി സീതാരാമൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE - 5

## ELECTION – GENERAL

കേരളത്തിൽ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കാനിരിക്കേ പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികൾ എല്ലാവരും തന്നെ പത്രിക സമർപ്പിച്ചു. വോട്ടെടുപ്പ് അടുത്ത മാസം 13 നാണ്. ഫലപ്രഖ്യാപനം നവംബർ 23 ന് നടക്കും.

&&&&&&&&&&&&&&&&&&

## ELECTION – 2

വയനാട്ടിൽ എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസും ഇന്ന് നാമനിർദേശ പത്രിക സമർപ്പിച്ചു. യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധി ഇന്നലെ പത്രിക സമർപ്പിച്ചിരുന്നു. പാലക്കാട്, ചേലക്കര നിയമസഭാ

മണ്ഡലങ്ങളിലേക്ക് നടക്കുന്ന ഉപതിരഞ്ഞെടുപ്പിലും പ്രധാന മുന്നണികളുടെ സ്ഥാനാർത്ഥികളെല്ലാം പത്രിക സമർപ്പിച്ചു .

&&&&&&&&&&&&&&&&&&

## HEAD LINE - 6

## WOMENS CRICKET

അഹമ്മദാബാദിൽ നടക്കുന്ന ഇന്ത്യ- ന്യൂസിലാന്റ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ കിവീസിന് 228 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ 44.3 ഓവറിൽ 227 റൺസിന് എല്ലാവരും പുറത്തായി. മറുപടി ബാറ്റിംഗിനിറങ്ങിയ ന്യൂസിലന്റ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 30 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 130 റൺസ് എടുത്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## CRICKET – IND NZ

ന്യൂസിലൻഡിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൻ്റെ ഒന്നാം ഇന്നിംഗ്സിൽ ആദ്യ ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ ഒരു വിക്കറ്റിന് 16 റൺസ് എന്ന നിലയിൽ. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത കിവീസ് 259 റൺസിന് ഓൾഔട്ടായി. ഇന്ത്യക്കായി വാഷിംഗ്ഡൺ സുന്ദർ 7 വിക്കറ്റ് വീഴ്ത്തി. പൂനെയിലാണ് മത്സരം. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ന്യൂസിലന്റെ 1-0ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## RAIN – KERALA

സംസ്ഥാനത്ത് വ്യാപക മഴ തുടരും. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ പത്തനംതിട്ട , ഇടുക്കി ജില്ലകളിൽ ഇന്നും കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ നാളെയും കേന്ദ്ര

കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട് . ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മൽസ്യ ബന്ധനത്തിന് പോകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## EAM Jaishankar - West Asia

പശ്ചിമേഷ്യയിലെ സംഘർഷം വ്യാപിക്കുമെന്ന കാര്യത്തിൽ ആശങ്ക നിലനിൽക്കുന്നതായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. കടൽ മാർഗമുള്ള വ്യാപാരത്തെയും പശ്ചിമേഷ്യയിലെ സംഘർഷം ബാധിച്ചിട്ടുണ്ടെന്ന് കസാനിലെ BRICS Outreach സെഷനിൽ അദ്ദേഹം പറഞ്ഞു. ഈ സാഹചര്യങ്ങളെ ഏറെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ടെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## KANNUR - ADM

കണ്ണൂർ എ ഡി എം, നവീൻ ബാബുവിൻ്റെ മരണവുമായി ബന്ധപ്പെട്ട് മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി ദിവ്യ നൽകിയ മുൻ കൂർ ജാമ്യാപേക്ഷയിൽ
കോടതി ചൊവ്വാഴ്ച ഉത്തരവ് പുറപ്പെടുവിക്കും. മുൻകൂർ ജാമ്യാപേക്ഷയിൽ ഇന്ന് തലശ്ശേരി ജില്ലാ സെഷൻസ് കോടതിയാണ് വിശദമായ വാദം കേട്ടത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&